## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5473** **27/03/2018-ൽ മറുപടിയ്ക്ക്**

## കൃഷി വകുപ്പിനുകീഴിൽ അഗ്രി മാളുകൾ തുടങ്ങുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) കൃഷി വകുപ്പിനുകീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അഗ്രി മാളുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ മാർക്കറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മാർക്കറ്റുകളിൽ ആധുനിക രീതിയിലുള്ള മാളുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ആനയറയിൽ ഇത്തരം മാൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തു. ഡി.പി.ആർ. തയ്യാറാക്കുന്നതിനും ആർക്കിടെക്ച്ചറൽ കൺസൾട്ടൻസിക്കുമായി വിവിധ സ്ഥാപനങ്ങളിൽ നിന്നും ബിഡുകൾ ക്ഷണിക്കുകയും M/s.സി.എസ്.ആർക്കിടെക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, സേലം എന്ന സ്ഥാപനം ആനയറ മാളിന്റെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ഡിസൈൻ നൽകുകയും ചെയ്തു. മാൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധന നടത്തി, 2014 നിരക്ക് പ്രകാരം ഡി.പി.ആർ. തയ്യാറാക്കി, ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് 28,29,56,618/- രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ട പൂർത്തീകരണത്തിനുവേണ്ടി 1080/- ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു (G.O.(Rt)No.514/2016/Agri dated 20/06/2016).

എന്നാൽ ഈ പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കിയതിനു ശേഷം DSR Revision വന്നതിനാൽ തിരുവനന്തപുരം PWD Designs & Administration ചീഫ് എഞ്ചിനീയറുടെ സർക്കുലർ നമ്പർ. CE/Admn/PLA/2014/2005 തീയതി 31/03/2017 പ്രകാരം പുറപ്പെടുവിച്ച Cost Index കൂടി കണക്കിലെടുത്ത് DSR പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. സിവിൽ പ്രവർത്തികളുടെ Structural details ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് 42,11,08,332/- രൂപയ്ക്ക് സമർപ്പിച്ചിട്ടുള്ളതിന് സാങ്കേതികാനുമതിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു. എന്നാൽ 21/02/2018-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ RIDF-ന്റെ High Value Projects-ന്റെ അവലോകന യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത പ്രവർത്തി അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സർക്കാർ സംസ്ഥാനത്തുടനീളം ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആദ്യ ഹൈപ്പർ മാർക്കറ്റ് തൃശ്ശൂരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹൈപ്പർ മാർക്കറ്റുകൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം മാളുകൾ തുടങ്ങുന്നതെന്നും ഇവയുടെ നടത്തിപ്പ് എപ്രകാരമാണെന്നും അറിയിക്കുമോ;

**(ബി)** തിരുവനന്തപുരത്ത് ആനയറയിലാണ് ഇത്തരം ഒരു മാൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ 21/02/2018-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ RIDF-ന്റെ High Value Projects-ന്റെ അവലോകന യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത പ്രവർത്തി അവസാനിപ്പിച്ചിട്ടുണ്ട്.

**(സി)** നിലവിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പഴവർഗ്ഗങ്ങളും സംസ്കരിച്ച വിവിധ ഉല്പന്നങ്ങളും കൃഷി വകുപ്പിനുകീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ വഴി വില്പന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

**(സി)** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് കീഴിൽ തൃശ്ശൂർ ജില്ലയിൽ തുടങ്ങിയിട്ടുള്ള അഗ്രോ ഹൈപ്പർ ബസാറിലും, തിരുവനന്തപുരത്തുള്ള അഗ്രോ സൂപ്പർ ബസാറിലും, ഹിമാചൽ പ്രദേശിൽ നിന്നുള്ള ജ്യൂസ്, മിക്സഡ് ഫ്രൂട്ട് ജാം, ജമ്മുകാശ്മീരിൽ നിന്നുള്ള കുങ്കുമപ്പൂവ്, ഉണക്കിയ പഴങ്ങൾ, ആപ്പിൾ എന്നിവ വില്പന നടത്തി വരുന്നു.

Mary M

സെക്ഷൻ ഓഫീസർ